C.S.I.East Kerala Diocese

# M.D.C.M.S HIGH SCHOOL, (Code:31071)


**Erumapramattom, Konipadu P.O.**

Kottayam District,Kerala, PIN - 686652. Phone:04822219186,

e-mail:mdcmskonipadu@gmail.com





**ഈ വിദ്യാലയത്തിൽ നിന്നും നമുക്ക് പഠിച്ചുയരാം**

Our Founder



Rev.Henry Baker (Junior)
1819-1978




Scanned with OKEN Scanner

# MDCMS HS

1949 - 2024

75

Platinum Jubilee Celebrations

ERUMAPRAMATTOM

Scanned with OKEN Scanner

# PROFILE

| | | |
|---|---|---|
| Name of the school | : | M.D.C.M.S.H.S<br>ERUMAPRAMATTOM |
| School code | : | 31071 |
| Ward | : | XI |
| Panchayath | : | Melukavu |
| Block | : | Erattupetta |
| District | : | Kottayam |
| Edn.Dist | : | Pala |
| Name of B R C | : | Ramapuram |
| H M | : | Mrs. Susan V. George |
| Mobile Number | : | 8281630375 |

Scanned with OKEN Scanner

# അടിസ്ഥാന സൗകര്യങ്ങൾ

| | | |
|---|---|---|
| No.of classrooms | : | 8 |
| No.of toilet | : | 8 |
| No.of adapted toilet | : | 1 |
| No.of girls friendly toilet | : | 2 |
| Drinking water facility | : | Well |
| Special room for H M | : | 1 |
| Play ground | : | Yes |
| No.of teachers | : | 5 |
| No.of total students | : | 71 |
| Year | : | 2025 - 2026 |

Scanned with OKEN Scanner

## ആമുഖം

മലയോരമേഖലയായ മേലുകാവിൽ മിഷണറിമാർ 1948-ൽ ഈ വിദ്യാലയം ആരംഭിച്ചു. ഈ നാട്ടിലും സമീപപ്രദേശങ്ങളിലുമായി മുതിർന്ന തലമുറയിൽപ്പെട്ടവരെല്ലാം ഈ വിദ്യാലയത്തിൽ പഠിച്ചവരാണ്. ആ കാലയളവിൽ പൊതുസ്ഥാപനമെന്ന നിലയിൽ ഈ വിദ്യാലയം നാട്ടിൽ തല ഉയർത്തി നിന്നിരുന്നു. എന്നാൽ ഇപ്പോൾ കുട്ടികളുടെ എണ്ണത്തിൽ വളരെ കുറവ് അനുഭവപ്പെടുന്നു.

സ്കൂൾ പരിസരത്തായി രണ്ട് ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നു. 71 കുട്ടികൾ ഇവിടെ താമസിക്കുന്നു. പിന്നോക്ക ചുറ്റുപാടുകളിൽ നിന്നുമുള്ളവരാണ് ഏറെയും. പൊതുജന പങ്കാളിത്തത്തോടെ ഈ സ്ഥാപനത്തെ ഉയർത്തിക്കൊണ്ടുവരുന്നതിനായി പ്രാദേശിക സഭ കൈത്താങ്ങലുകൾ ചെയ്തുവരുന്നു.

Scanned with OKEN Scanner

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025 - 2026

## മികവിന്റെ 75 വർഷങ്ങൾ

### മലനാടിന്റെ തലമുറകൾക്ക് അക്ഷരദീപം പകർന്നു നൽകിയ വിദ്യാലയം

- വർഷങ്ങളായി 100% എസ്.എസ്.എൽ.സി.വിജയം.
- മികച്ച ലാബ്-ലൈബ്രറി സൗകര്യങ്ങൾ
- എല്ലാ ഡിവിഷനുകളിലും ഈ വർഷം മുതൽ അത്യാധുനിക ഡിജിറ്റൽ ക്ലാസ് റൂമുകൾ.
- മികച്ച പഠനപ്രവർത്തനങ്ങൾ
- ഓരോ കുട്ടികൾക്കും വ്യക്തഗത ശ്രദ്ധയും പരിശീലനവും നൽകുന്നു.
- മികച്ച പി.ടി.എ പ്രവർത്തനം.
- ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേക സൗജന്യ ഹോസ്റ്റൽ സൗകര്യം.
- മികച്ച സ്കൂൾ സപ്പോർട്ടിംഗ് മാനേജ്മെന്റ്, കർമ്മ നിരതമായ ജൂണിയർ റെഡ്ക്രോസ്
- പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം.
- മികച്ച അധ്യാപകർ നൽകുന്ന പ്രത്യേക ഭാഷാ പരിശീലനം.
- പ്രഗത്ഭരുടെ പ്രത്യേക കരിയർ -മാർഗ്ഗനിർദ്ദേശ ക്ലാസ്സുകൾ
- നവീന കർമ്മ പദ്ധതികളുമായി മലയാളമനോരമ - നല്ലപാഠം.
- നിർദ്ദേശ ക്ലാസുകൾ
- പ്രത്യേക പ്രവൃത്തിപരിചയ പരിശീലനം.
- മികച്ച വിജയം.

## നിലവിലുള്ള ഭൗതീക സാഹചര്യങ്ങൾ

- 8–10 വരെയുള്ള ക്ലാസുകളിൽ 71 കുട്ടികൾ പഠിക്കുന്നു.
- 6 ക്ലാസ് മുറികൾ.
- ബയോളജി, ഫിസിക്സ്, കെമിസ്ട്രി ലാബുകൾ, മീറ്റിംഗ് ഹാൾ, ലൈബ്രറി, ഐ.റ്റി.ലാബ്, സ്റ്റാഫ് റൂം, ഓഫീസ് റൂം-1, പെൺകുട്ടികൾക്ക് 8 ടോയ്‌ലറ്റുകൾ, ആൺകുട്ടികൾക്ക് 8 ടോയ്‌ലറ്റുകൾ.
- ഓഫീസ് -1, ഫിസിക്സ്, കെമിസ്ട്രി,കമ്പ്യൂട്ടർ സയൻസ് ലാബ്, .സ്റ്റാഫ് ടോയ്‌ലറ്റുകൾ -2
- വിശാലമായ മൈതാനം -1, അസംബ്ലി ഗ്രൗണ്ട് -1, സ്റ്റേജ് -1

## അത്യാവശ്യമായി കൈവരിക്കാനുള്ള സൗകര്യങ്ങൾ.

- വിസ്തൃതിയുള്ള ഇൻഡോർ അസംബ്ലി-കം മീറ്റിംഗ് ഹാൾ സൗകര്യം.
- മെച്ചപ്പെട്ട സ്പോർട്സ് ഗ്രൗണ്ട്,കോർട്ട്, സ്പോർട്സ് സാമഗ്രികൾ എന്നിവ
- കലാമുന്നേറ്റം, കായികമുന്നേറ്റം എന്നിവയ്ക്കുള്ള ഫണ്ടുകൾ.
- സ്കൂൾ സൗകര്യവൽക്കരണത്തിനുള്ള ഫണ്ട്.
- ഓഫീസ് റൂം, ലൈബ്രറി, റീഡിംഗ് റൂം എന്നിവ

Scanned with OKEN Scanner

## അക്കാദമികതലത്തിൽ ഇനിയും വേണ്ടത്

- കുട്ടികൾക്ക് മറ്റ് പഠനസഹായികൾ വാങ്ങുന്നതിനുള്ള ഫണ്ടുകൾ
- പഠനയാത്രയ്ക്കുള്ള സഹായങ്ങൾ
- വിവിധ വിദ്യാഭ്യാസ സെമിനാറുകൾ, ക്വിസ്, പ്രദർശനങ്ങൾ
- വിവിധ റിസോഴ്സ് പേഴ്സൺസിന്റെ സേവനം.
- വിദ്യാഭ്യാസ പതിപ്പുകൾ, പത്രങ്ങൾ എന്നിവ പ്രസിദ്ധീകരിക്കുന്നതിനുള്ള സ്പോൺസർഷിപ്പ്.
- വിദ്യാർത്ഥികൾക്ക് യാത്രാ സൗകര്യം.

## പഠനനിലവാര പ്രവർത്തനങ്ങളുടെ ചുമതലകൾ വഹിക്കേണ്ടവർ

- പി.ടി.എ
- പൂർവ്വ വിദ്യാർത്ഥി സംഘടനകൾ
- വിവിധ സ്കൂൾ ക്ലബുകൾ
- സ്കൂൾ പ്രൊട്ടക്ഷൻ സമിതി
- സ്കൂൾ പാർലമെന്റ്
- ത്രിതല പഞ്ചായത്ത്
- അഭ്യുദയകാംക്ഷികൾ
- എൻ.ജി.ഒ
- വിഷയ അധ്യാപകർ
- എസ്.എസ്.എ
- ജില്ലാ പഞ്ചായത്ത്
- ബ്ലോക്ക് പഞ്ചായത്ത്
- ഗ്രാമപഞ്ചായത്ത്

## കാലാവധി

- അടുത്ത രണ്ട് വർഷം നടപ്പിലാക്കാൻ ആഗ്രഹിക്കുന്നതാണ് ഈ പ്രവർത്തനങ്ങൾ.
- ഏകദിന പരിപാടികൾ-ഒരാഴ്ചക്കാലം വരെയുള്ളത്.
- ഒരുമാസം നീണ്ടുനിൽക്കുന്നവ- ഒരു വർഷം വരെ തുടരുന്നവ.

Scanned with OKEN Scanner

# സ്കുൾ മാസ്റ്റർ പ്ലാൻ ലക്ഷ്യങ്ങൾ

- പഠനനിലവാരം ഉയർത്തുക.
- കുട്ടികളിൽ നഷ്ടമായിക്കൊണ്ടിരിക്കുന്ന പഠന താൽപ്പര്യം പുനഃസ്ഥാപിക്കുന്നതിനുള്ള തീവ്രയത്നം.
- രക്ഷാകർത്താക്കൾക്ക് പ്രത്യേക ബോധവൽക്കരണം.
- പി.ടി.എ.പ്രവർത്തനം - ഊർജ്ജിതമാക്കൽ.
- നൈപുണ്യം മികവുറ്റതാക്കുക.തൊഴിൽ സാധ്യത പരിചയപ്പെടുത്തൽ.
- മികച്ച സ്വഭാവരൂപീകരണം.
- കലാ-കായിക പ്രവൃത്തിപരിചയ മേഖലകളിലെ മുന്നേറ്റം.
- അറിവിന്റെ തലം വർദ്ധിപ്പിക്കുക.
- വായന, എഴുത്ത്, സംഭാഷണം, അവതരണം എന്നിവയിൽ ശേഷി ഉറപ്പ് വരുത്തുക.
- ആരോഗ്യരംഗത്തെ മികവ്
- ഗണിതശാസ്ത്രത്തിൽ മുന്നേറ്റം
- പ്രകൃതി-ഭൂവിഭവ സംരക്ഷണം.
- പരിസ്ഥിതി സംരക്ഷണം.
- മാനവികതയുടെയും ഐക്യത്തിന്റെയും മൂല്യസംരക്ഷണത്തിന്റെയും പ്രവർത്തനങ്ങൾ.
- കുട്ടികളുടെ സ്വഭാവരൂപീകരണം.
- ലഹരിവിരുദ്ധ സമീപനം വളർത്തുക.
- കുട്ടികളുടെ മെച്ചപ്പെട്ട മാനസികാരോഗ്യം.
- സർഗാത്മകതയും സേവന സന്നദ്ധതയും വളർത്തുക.
- മത്സര പരീക്ഷകൾക്കും, ഇന്റർവ്യൂവിനും പരിശീലിപ്പിക്കൽ എന്നിവ. കാർഷിക സംസ്കാരം വളർത്തൽ.

Scanned with OKEN Scanner

# അക്കാദമിക പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനുള്ള അനുബന്ധ പ്രവർത്തനങ്ങൾ.

| | | |
|---|---|---|
| 1. | P.T.A | ❖ ഒരു ടേമിൽ ഒരു യോഗം.<br>1. ദൈനംദിന പ്രവർത്തനം.<br>2. ഭൗതികം<br>3. അച്ചടക്കം<br>4. ഫണ്ട് വിനിയോഗം |
| 2. | M.P.T.A | ❖ കൂട്ടായ്മ<br>❖ പഠനപ്രവർത്തനങ്ങളിൽ ശ്രദ്ധ<br>❖ ആഘോഷദിനങ്ങളിൽ പ്രത്യേക സഹകരണം. |
| 3. | S.S.G | ❖ റിട്ടയർ ചെയ്ത അധ്യാപകർ<br>❖ പൊതുപ്രവർത്തകർ<br>❖ അഭ്യുദയ കാംക്ഷികൾ |
| 4. | നല്ല പാഠം (മലയാള മനോരമ) | ❖ പ്രവർത്തനങ്ങൾ നന്നായി നടക്കുന്നു.<br>❖ ലഹരിവിമുക്ത റാലി, ഓൾഡേജ് ഹോം വിസിറ്റിങ്ങ് |
| 5. | ഉച്ചഭക്ഷണം | ❖ ആധുനിക പാചകപ്പുര, കുടിവെള്ളം ലഭ്യമാക്കൽ |

Scanned with OKEN Scanner

| | |
|---|---|
| Lab | സയൻസ്, ഐ.റ്റി. ലാബുകൾ<br>മികച്ച രീതിയിൽ പ്രവർത്തിക്കുന്നു. |
| Library | പുസ്തകങ്ങൾ കുട്ടികൾക്ക് ലഭ്യമാക്കുന്നു.<br>ക്ലാസ് ലൈബ്രറി<br>എല്ലാ വെള്ളിയാഴ്ചയും ക്ലാസ് ലൈബ്രറിയിൽ നിന്ന്<br>പുസ്തകങ്ങൾ നൽകുന്നു. |
| ക്ലബ് പ്രവർത്തനങ്ങൾ | എല്ലാ ക്ലബുകളുടെയും പ്രവർത്തനം നടക്കുന്നു. |
| ടാലെന്റ് ലാബ് | പ്രവർത്തി പരിചയ പ്രവർത്തന ഉൽപ്പന്നങ്ങളുടെ<br>പ്രദർശനം, പേപ്പർ ഐറ്റംസ്,<br>പേപ്പർബാഗ്, കവർ, ഫ്ളവർ മേക്കിംഗ് Etc.<br>ആർട്ട് വർക്കുകൾ ഉൾപ്പെടുത്തി ബോർഡ് നിർമ്മിക്കൽ. |
| കലാകായിക<br>പ്രവർത്തനം | വിശാലമായ ഗ്രൗണ്ട് കായിക പ്രവർത്തനങ്ങൾക്ക്<br>കാര്യക്ഷമമാക്കുന്നു.<br>ഗെയിംസ്, അത്‌ലറ്റിക്സ് പരിശീലനം. |

Scanned with OKEN Scanner

# Planning 1

## ഭൗതികം

| ലക്ഷ്യം | പ്രവർത്തനം | ചുമതല | സാമ്പത്തികം |
|---|---|---|---|
| 1. ലൈബ്രറി നവീകരണം | പുതിയ പുസ്തകങ്ങൾ | അദ്ധ്യാപകർ | പി.റ്റി.എ പൂർവ്വവിദ്യാർത്ഥി കൾ,കുട്ടികൾ |
| 2. ക്ലാസ് ലൈബ്രറി | ബാലരമ, ഡൈജസ്റ്റ്, വർത്തമാന പത്രങ്ങൾ, മാഗസിൻ | | |
| 3. ലാബ് പ്രത്യേക മുറികൾ | ഉപകരണങ്ങൾ രാസവസ്തുകൾ | | Management |
| 4. മഴവെള്ള സംഭരണി | | | Dist/Block Panchayath |
| 5. സ്കൂൾ ഓഡിറ്റോറിയം പുനർനിർമ്മാണം | | | Management |
| 6. ഫർണിച്ചർ | ബഞ്ച്, ഡസ്ക്, ബ്ലാക്ക് ബോർഡ് | അദ്ധ്യാപകർ | Management |
| 7. ജൈവവൈവിധ്യ പാർക്ക് | പച്ചക്കറിത്തോട്ടം ഫലവൃക്ഷങ്ങൾ | അദ്ധ്യാപകർ അനദ്ധ്യാപകർ പി.റ്റി.എ | പി.റ്റി.എ |

Scanned with OKEN Scanner

# Planning 2
## Academic

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. ഭാഷാവിഷയങ്ങൾ എഴുതാനും വായിക്കാനും ഉള്ള കഴിവ് | വിഷയാടിസ്ഥാനത്തിൽ | | അധ്യാപകർ | |
| 2. ശാസ്ത്രവിഷയങ്ങളിൽ ഓരോ ക്ലാസിലും നേടേണ്ട ശേഷി നേടുന്നതിന് | വിഷയാടിസ്ഥാനത്തിൽ | | അധ്യാപകർ | |
| 3. മേളകളിലെ പങ്കാളിത്തം | സ്കൂൾതലത്തിൽ വിഷയാടിസ്ഥാനത്തിൽ മേളകൾ സംഘടിപ്പിക്കൽ, മത്സരങ്ങൾക്ക് തയ്യാറാക്കൽ, ആവശ്യമുള്ള കുട്ടികളെ കണ്ടെത്തൽ. | മധ്യകാലം | അധ്യാപകർ | പി.റ്റി.എ, MPTA |
| 4. കൗൺസിലിങ്ങ് ക്ലാസുകൾ | ബോധവൽക്കരണ ക്ലാസുകൾ വ്യക്തി ശുചിത്വം. | 1 വർഷം | | പി.റ്റി.എ |
| 5. ICT സാധ്യത പ്രയോജനപ്പെടുത്താൻ | ഓരോ വിഷയവുമായി ബന്ധപ്പെട്ട കളിയും കാര്യവും | | | |
| 6. പിന്നോക്കക്കാർക്ക് പ്രത്യേക പരിശീലനം | മലയാളത്തിളക്കം കമ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, ഗണിതകേളിEtc | 1 വർഷം | അധ്യാപകർ | പി.റ്റി.എ. |

Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പാഠ്യവിഷയങ്ങളോ- ടൊപ്പം കുട്ടികളുടെ പൊതുവിജ്ഞാനം വർധിപ്പിച്ച് ശ്രദ്ധേയ- മായ നേട്ടങ്ങൾ കൈവരിക്കൽ | G.K Book തയ്യാറാക്കൽ ഓരോ ദിവസത്തെയും ന്യൂസ് പേപ്പറിൽ നിന്ന് Current affairs ഉൾപ്പെടുത്തി ബുക്ക് തയ്യാറാക്കുന്നു. | ദീർഘകാലം | | |
| | ക്വിസ് മത്സരം ദിനാചരണ ങ്ങളോടനുബന്ധിച്ച് സ്കൂൾതലത്തിൽ ക്വിസ് മത്സരങ്ങൾ. | അധ്യാപകർ | | പി.റ്റി.എ ഫണ്ട് |

Scanned with OKEN Scanner

# അക്കാദമിക്

# മാസ്റ്റർ പ്ലാൻ

# മലയാളം

Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
| --- | --- | --- | --- | --- |
| 1. ഭാഷാപരമായ പിന്നോക്കാവസ്ഥ | 1. പ്രീ ടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. വാക്കുകൾ നിർമ്മിക്കുക<br>5. വാക്യങ്ങൾ നിർമ്മിക്കുക<br>6. ചിത്രം-കഥ എഴുതൽ<br>7. ഭാഷാപരമായി പിന്നോക്കം | 3 മാസം (ജൂൺ, ജൂലൈ, ഓഗസ്റ്റ്, | പുസ്തകങ്ങൾ, | പി.ടി.എ |
| 2. കുട്ടിയെ മികച്ച വായനക്കാരനാക്കു | 1. ക്ലാസ് വായനാക്കൂട്ടം രൂപീകരിക്കൽ<br>2. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>3. പത്രവായന<br>4. പുസ്തക ചർച്ച<br>5. വായനാനുഭവം<br>6. വായനാക്കുറിപ്പ്, പതിപ്പ്<br>7. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം<br>8. ദിനാചരണം<br>9. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും<br>10. ആസ്വാദകരമായ വായന | 7 മാസം | ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, ഇന്റർനെറ്റ്, | പി.ടി.എ |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| 3. കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക. | 1. പുസ്തകചർച്ച<br>2. വായനക്കുറിപ്പ്, പതിപ്പ്<br>3. വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ<br>4. വ്യക്തിഗത രചന, സംഘരചന<br>5. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>6. സാഹിത്യ - ചിത്രഗാലറി | 6 മാസം (ജൂലൈ -ഡിസംബർ) | ലൈബ്രറി, പുസ്തകങ്ങൾ, ഫോട്ടോകൾ | പി.ടി.എ അധ്യാപകർ |
| 4. സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | 1. പ്രസംഗ പരിശീലന കളരി<br>2. വിവിധ വിഷയങ്ങളിൽ പ്രസംഗം തയ്യാറാക്കൽ പരിശീലനം<br>3. മികച്ച പ്രസംഗങ്ങളുടെ ഓഡിയോ, വീഡിയോ എന്നിവ കേൾപ്പിക്കുന്നു.<br>4. പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദികൾ സജ്ജമാക്കുക. | 6 മാസം | ഓഡിയോ, വീഡിയോ | ട്രെയിനർ അധ്യാപകർ |

Scanned with OKEN Scanner

# ഭാഷാ പ്രാവീണ്യം - ഇംഗ്ലീഷ്

- സ്പോക്കൺ/കമ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ക്ലാസ്സ് പരിശീലനം.
- ശനിയാഴ്ചകളിൽ 10 മണിമുതൽ 1 മണിവരെ ഭാഷാ പരിശീലനം.
- ഇംഗ്ലീഷ് ദിനാചരണം.
- ലാംഗ്വേജ് ലാബ്
- വേർഡ് സെർച്ചിംഗ് മത്സരം
- ഉച്ചാരണ പരിശീലനം

Scanned with OKEN Scanner

# English -High School വിഭാഗം

## ലക്ഷ്യങ്ങൾ

1. Pre -test

    Pre - test നടത്തി പിന്നോക്കക്കാരെ കണ്ടെത്തുന്നു.

2. അക്ഷരം ഉറപ്പിക്കൽ

    ചിത്രങ്ങളിലൂടെ ഇംഗ്ലീഷ് അക്ഷരങ്ങൾ ഉറപ്പിക്കുന്നു.

3. ചിത്രം-കഥപറയൽ, എഴുതൽ

    ചിത്രംനൽകൽ. ചിത്രംനോക്കി കഥപറയുന്നു. അധ്യാപികയുടെ സഹാ യത്തോടെ എഴുതൽ.

4. കഥ പുസ്തകം നൽകൽ. മികച്ച വായനക്കാരനാക്കുക.

    വായനക്കുറിപ്പ് തയ്യാറാക്കൽ

Scanned with OKEN Scanner

| No. ശേഷി | പ്രവർത്തനങ്ങൾ | സമയം | ചുമതല | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1. അക്ഷരം ഉറപ്പിക്കൽ | അക്ഷരകാർഡ് നൽകൽ, വാക്കുകൾ എഴുതിയ കാർഡുകൾ നിർമ്മിക്കുക. | ജൂൺ-ആഗസ്റ്റ് | ഇംഗ്ലീഷ് ടീച്ചർ, ഇംഗ്ലീഷ് ക്ലബ് | ഇംഗ്ലീഷ് ക്ലബ് വിദഗ്ധർ | പി.റ്റി.എ ബി.ആർ.സി |
| 2. ഭാഷാപരമായ പിന്നോക്കം പരിഹരിക്കുക | അക്ഷരം ഉറപ്പിക്കൽ, അടയാളം ഉറപ്പിക്കൽ അക്ഷര കാർഡ് നൽകൽ | ജൂൺ - ഡിസംബർ | ഇംഗ്ലീഷ് ടീച്ചർ | ഇംഗ്ലീഷ് ടെസ്റ്റ് ബുക്ക് | പി.റ്റി.എ ടീച്ചർ |
| 3. ചിത്രം-കഥ-പറയൽ -എഴുതൽ | ഓഡിയോ, വീഡിയോ സംവിധാനങ്ങൾ ഉപയോഗിച്ച് സ്റ്റോറി ടെല്ലിംഗ്, സ്റ്റോറി റൈറ്റിംഗ് നടത്തുന്നു. | ജൂൺ - മാർച്ച് | ഇംഗ്ലീഷ് ടീച്ചർ | സി.ഡി ഇംഗ്ലീഷ് ലാബ് | ടീച്ചേഴ്സ് |
| 4. Speaking | | ജൂൺ-മാർച്ച് | ടീച്ചർ ഇംഗ്ലീഷ് ക്ലബ് | ബുക്ക്സ് | പി.റ്റി.എ. |
| കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | ♦ ക്ലാസ് ലൈബ്രറി<br>♦ പുസ്കത ചർച്ച<br>♦ എഴുത്തുകൂട്ട രൂപീകരണം<br>♦ വ്യക്തിഗത രചന<br>♦ രചയിതാക്കളെ പരിചയപ്പെടൽ<br>♦ ഭാഷാ പ്രൊജക്ട്<br>♦ പബ്ലിക് സ്പീക്കിങ്ങ്<br>♦ എഴുത്തുകൂട്ടം | | | ക്ലാസ് ലൈബ്രറി റൈറ്റിങ്ങ് കോമ്പറ്റീഷൻസ് | |
| Quiz Competitions | ബ്രേക്ക് ടൈമുകളിൽ ഇംഗ്ലീഷ് അടിസ്ഥാനമാക്കി ക്വിസ് നടത്തുന്നു. | | | | |
| മികച്ച പൂർവ്വാധ്യാപകരുടെ സേവനം | റിട്ടയേർഡ് ആയ പൂർവ്വ അധ്യാപകരുടെ സേവനം ലഭ്യമാക്കുന്നു. ട്രെയിനേഴ്സിന്റെ സഹായം തേടുന്നു. | | | | ട്രെയിനേഴ്സ് പൂർവ്വ അധ്യാപകർ |

Scanned with OKEN Scanner

# അക്കാദമിക പ്ലാൻ
# ഹിന്ദി

## ആമുഖം

ഭാരതത്തിന്റെ രാഷ്ട്രഭാഷയും ഭരണഭാഷയുമായ ഹിന്ദി ജനങ്ങളുടെ സമ്പർക്ക ഭാഷയായതുകൊണ്ട് ഭാരതത്തിൽ എല്ലായിടത്തും ആശയവിനിമയത്തിനുള്ള മാധ്യമമെന്ന നിലയിൽ ഓരോ കുട്ടിയും ഹിന്ദിയിൽ ആശയവിനിമയത്തിനും കാര്യനടത്തിപ്പിനുമുള്ള ശേഷി ആർജിക്കേണ്ടത് ആവശ്യമാണ്. കേന്ദ്ര സംസ്ഥാനങ്ങളിൽ ഹിന്ദി ഭരണഭാഷയായി ഉപയോഗിക്കേണ്ടവർ ഹിന്ദിയിൽ കൂടുതൽ പ്രാവീണ്യം നേടേണ്ടതും ആവശ്യമാണ്.

Scanned with OKEN Scanner

# ലക്ഷ്യങ്ങൾ

- ❖ എല്ലാവർക്കും എഴുത്തും വായനയും ഹിന്ദിയിൽ
- ❖ ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി
- ❖ വായനയുടെ വിവിധ തലങ്ങൾ പരിചയപ്പെടൽ
- ❖ ഹിന്ദി സാഹിത്യ ശാഖകൾ പരിചയപ്പെടൽ
- ❖ വായനാ സാമഗ്രികൾ കണ്ടെത്തുക, വികസിപ്പിക്കുക
- ❖ ദിനാചരണങ്ങളുമായി ബന്ധപ്പെട്ടു വായനയുടെയും എഴുത്തിന്റെയും സാധ്യത കണ്ടെത്തുക
- ❖ എഴുത്തിന്റെ തലങ്ങൾ പരിചയപ്പെടൽ
- ❖ സാഹിത്യകാരന്മാരുമായുള്ള സംവാദം
- ❖ ഹിന്ദിയുമായി ബന്ധപ്പെട്ട ICT സാധ്യത സജ്ജീകരിക്കൽ
- ❖ ഹിന്ദിയിൽ ആശയവിനിമയശേഷി വർദ്ധിപ്പിക്കൽ

Scanned with OKEN Scanner

| Sl.No | പ്രോഗ്രാം | ആക്റ്റിവിറ്റി | ഡ്യൂറേഷൻ | ഭൗതികം |
|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീ-ടെസ്റ്റ്<br>പ്രീ-ടെസ്റ്റ് നടത്തി പിന്നോക്കക്കാരെ കണ്ടെത്തി അവരെ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നു.<br>2. അക്ഷരം ഉറപ്പിക്കൽ<br>ചിത്രസഹായത്താൽ ഹിന്ദി അക്ഷരങ്ങൾ ഉറപ്പിക്കുന്നു.<br>3. അടയാളം ഉറപ്പിക്കുന്നു.<br>ചിത്രസഹായത്താൽ അടയാളങ്ങൾ ഉറപ്പിക്കുന്നു.<br>4.- അക്ഷരകാർഡ് വാക്കുകൾ എഴുതിയ കാർഡ് ഇവ നൽകുന്നു. അക്ഷര കാർഡിലൂടെ വാക്കുകൾ രൂപീകരിക്കൽ, വാക്കുകളിലൂടെ വാക്യങ്ങൾ രൂപീകരിക്കൽ<br>5. ചിത്രം<br>അടിക്കുറിപ്പ് ചിത്രം നൽകി അടിക്കുറിപ്പ് പറയിപ്പിക്കുന്നു. അധ്യാപികയുടെ സഹായത്താൽ എഴുതുന്നു.<br>6. ചിത്രം- കഥ പറയൽ, എഴുതൽ<br>ചിത്രം നോക്കി കഥപറയുന്നു, അധ്യാപികയുടെ സഹായത്താൽ എഴുതുന്നു. | 2 മാസം<br><br>6<br>മാസം | പുസ്തകങ്ങൾ<br><br>പുസ്തകങ്ങൾ |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| | കുട്ടിയെ മികച്ച വായന ക്കാരനാക്കുക | 7. കഥ ബാക്കി പറയൽ എഴുതൽ<br>കഥയുടെ ആദ്യഭാഗം നൽകുന്നു. ബാക്കി പറയിപ്പിക്കുന്നു. എഴുതാൻ സഹായിക്കുന്നു.<br>8. കഥപുസ്തകം നൽകൽ<br>വായനക്കുറിപ്പ് തയ്യാറാക്കുന്നു.<br>9. വായന ക്ലാസ്<br>ഹിന്ദി ക്ലബിന്റെ നേതൃത്വത്തിൽ വായന<br>10. ഭിന്നശേഷിക്കാരെ പരിഗണിക്കൽ<br>ഭിന്നശേഷിക്കാർക്കായി പ്രത്യേക പാക്കേജ് IED അധ്യാപികയുടെ സേവനം<br>1. ക്ലാസ് ലൈബ്രറി വിപുലമാക്കൽ<br>ക്ലാസ് ലൈബ്രറിയിൽ ഹിന്ദി കഥാ പുസ്തകങ്ങൾ ഉൾപ്പെടുത്തുന്നു. സ്പോൺസർമാരെ കണ്ടെത്തി ഫണ്ടു രൂപീകരണം, പുസ്തകശേഖരണം.<br>2. പത്രവായന<br>ഒരു ദിവസം ഒരു വാർത്ത ഹിന്ദിയിൽ വിവർത്തനം ചെയ്ത് ക്ലാസിൽ അവതരണം. വിലയിരുത്തി നല്ല അവതരണത്തിന് സമ്മാനം<br>3. ദിനാചരണങ്ങൾ<br>ഹിന്ദി ക്ലബിന്റെ നേതൃത്വത്തിൽ ഹിന്ദിയിൽ ദിനാചരണങ്ങൾ നടത്താനുള്ള അവസരം ഒരുക്കുന്നു. | | |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| | കുട്ടിയെ മികച്ച എഴു ത്തുകാരനാക്കുക | 1. വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ<br>പഠനപ്രവർത്തനങ്ങളുമായും വായിച്ച കവിതകളും കഥകളുമായി ബന്ധപ്പെട്ട് വായനാക്കുറിപ്പും ആസ്വാദനക്കുറിപ്പും തയ്യാറാക്കൽ-അവതരിപ്പിക്കൽ<br>2. ഹിന്ദി സാഹിത്യ ശാഖകൾ, സാഹി ത്യകാരന്മാരെ പരിചയപ്പെടൽ<br>I.C.T സാധ്യത പ്രയോജനപ്പെടുത്തി ഹിന്ദി സാഹിത്യകാരന്മാരുമായി സംവദി ക്കൽ.<br>3. ക്ലാസുതല രചനാമത്സരങ്ങൾ, കഥ, തിരക്കഥ, നാടകം, കവിത, ഉപന്യാസമ ത്സരങ്ങൾ ക്ലാസുതലത്തിൽ നടത്തി, വിലയിരുത്തി സമ്മാനങ്ങൾ നൽകുന്നു.<br>4. വ്യാകരണ ക്ലാസുകൾ<br>യു.പി. തലംമുതൽ വ്യാകരണ ക്ലാസു കൾ നടത്തുന്നു. | 1 വർഷം | പുസ്തകങ്ങൾ<br><br>ഇന്റർനെറ്റ് |
| | ഹിന്ദിയിൽ ആശയവി നിമയശേഷി വർദ്ധിപ്പി ക്കൽ | 1. ക്ലാസ്തല ആശയവിനിമയം ഹിന്ദി യിൽ<br>ഹിന്ദി ക്ലാസുകളിലെ ആശയവിനിമയം 8-ാം ക്ലാസിൽ ഭാഗികമായും 9,10 ക്ലാസു കളിൽ പൂർണ്ണമായും ഹിന്ദിയിലാകുന്നു.<br>2. അഭിനയ പരിശീലനം<br>ഹിന്ദി നാടകങ്ങൾ വേദികളിൽ അവതരി പ്പിക്കാനും അവസരം ഒരുക്കുന്നു. | | |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| | കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | 1. വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ<br>പഠനപ്രവർത്തനങ്ങളുമായും വായിച്ച കവിതകളും കഥകളുമായി ബന്ധപ്പെട്ട് വായനാക്കുറിപ്പും ആസ്വാദനക്കുറിപ്പും തയ്യാറാക്കൽ-അവതരിപ്പിക്കൽ<br>2. ഹിന്ദി സാഹിത്യ ശാഖകൾ, സാഹിത്യകാരന്മാരെ പരിചയപ്പെടൽ<br>I.C.T സാധ്യത പ്രയോജനപ്പെടുത്തി ഹിന്ദി സാഹിത്യകാരന്മാരുമായി സംവദിക്കൽ.<br>3. ക്ലാസുതല രചനാമത്സരങ്ങൾ, കഥ, തിരക്കഥ, നാടകം, കവിത, ഉപന്യാസമത്സരങ്ങൾ ക്ലാസുതലത്തിൽ നടത്തി, വിലയിരുത്തി സമ്മാനങ്ങൾ നൽകുന്നു.<br>4. വ്യാകരണ ക്ലാസുകൾ<br>യു.പി. തലംമുതൽ വ്യാകരണ ക്ലാസുകൾ നടത്തുന്നു. | 1 വർഷം | പുസ്തകങ്ങൾ<br>ഇന്റർനെറ്റ് |
| | ഹിന്ദിയിൽ ആശയവിനിമയശേഷി വർദ്ധിപ്പിക്കൽ | 1. ക്ലാസ്തല ആശയവിനിമയം ഹിന്ദിയിൽ<br>ഹിന്ദി ക്ലാസുകളിലെ ആശയവിനിമയം 8-ാം ക്ലാസിൽ ഭാഗികമായും 9,10 ക്ലാസുകളിൽ പൂർണ്ണമായും ഹിന്ദിയിലാകുന്നു.<br>2. അഭിനയ പരിശീലനം<br>ഹിന്ദി നാടകങ്ങൾ വേദികളിൽ അവതരിപ്പിക്കാനും അവസരം ഒരുക്കുന്നു. | | |

Scanned with OKEN Scanner

# സോഷ്യൽ സയൻസ്

Scanned with OKEN Scanner

# ആമുഖം

സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പദ്ധികളാണ് ഇതിൽ വിഷയമാക്കുന്നത്. വിദ്യാഭ്യാസം തൊഴിൽ ലഭിക്കാനുള്ള ഉപാധി എന്നനിലയിൽ മാത്രം കാണുന്ന സമൂഹത്തിന്റെ വികലമായ കാഴ്ചപ്പാട് മാറേണ്ടതുണ്ട്. മാനവിക വിഷയങ്ങൾ പഠിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസ സാമൂഹിക സാമ്പത്തിക പരിസരവും പഠനവിഷയമാക്കണം. ഈ വിഷയവുമായി ബന്ധപ്പെട്ട അക്കാദമികവും ഭൗതികവും സാമൂഹികവുമായ പ്രശ്നങ്ങൾ കണ്ടെത്തി അവ വിശകലനം ചെയ്ത്, പരിഹാര പ്രവർത്തനങ്ങൾ ഉൾക്കൊള്ളുന്ന പ്രവർത്തന പദ്ധതിയും രൂപരേഖയുമാണ് ചുവടെ ചേർത്തിട്ടുള്ളത്.

**ലക്ഷ്യങ്ങൾ**

- സോഷ്യൽ സയൻസിന്റെ അടിസ്ഥാന ആശയങ്ങൾ ലളിതമായി അവതരിപ്പിക്കൽ.
- പ്രവർത്തനാധിഷ്ഠിതമായ പഠനം സാധ്യമാക്കൽ.
- കൈകാര്യം ചെയ്യാൻ പ്രയാസമുള്ള പാഠഭാഗങ്ങളെ ലളിതമാക്കുന്നതിനുള്ള ടിപ്സുകൾ നൽകൽ.
- ക്ലാസുകൾ, ICT സഹായത്തോടെ കൂടുതൽ ആകർഷകമാക്കൽ.
- പിന്നോക്കക്കാരായ കുട്ടികൾക്കു പ്രത്യേക പരിഗണനയും പരിശീലനവും നൽകൽ.

Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക. ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക. | ഫീൽഡ് ട്രിപ്പ്: ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക മൊഡ്യൂളുകൾ തയ്യാറാക്കി പ്രത്യേക പഠന ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | ഓരോ അക്കാദമിക വർഷവും തെരഞ്ഞെടുക്കുന്ന തീയതികളിൽ ഓരോ ഫീൽഡ് ട്രിപ്പ് വീതം. | സാമൂഹ്യശാസ്ത്ര അധ്യാപകർ | PTA/OSA |
| ജനാധിപത്യം ഒരു ജീവിതശൈലിയാക്കി മാറ്റി എടുക്കുക. പൗരബോധം, മൂല്യബോധം ഇവ വളർത്തുക. | സ്കൂൾ പാർലമെന്റ്: പഠിതാക്കളിൽ ജനാധിപത്യ അവബോധം രൂപപ്പെടുത്താൻ മോക്പാർലമെന്റ്, സ്കൂൾ പാർലമെന്റ്, പൗരബോധവും സാമൂഹികബോധവും വളർത്തുന്ന പ്രവർത്തന പരിപാടികൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷങ്ങളിലെ പ്രത്യേകം തെരഞ്ഞെടുത്ത ദിനങ്ങളിൽ | സോഷ്യൽസയൻസ് ക്ലബ് | PTA |
| സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക. ചിത്രപ്രദർശനം /ചിത്ര ഗ്യാലറി സംഘടിപ്പിക്കുക. | ചരിത്രകാരന്മാരുടെ ചിത്രങ്ങൾ, മഹത്വചനങ്ങൾ, ഭൂമിശാസ്ത്രവുമായി ബന്ധപ്പെട്ട ആകാശക്കാഴ്ചകൾ എന്നിവ കാണാനുള്ള അവസരം ഒരുക്കുന്നു.<br>ഡോക്യുമെന്ററി പ്രദർശനം: സമൂഹത്തിനായി പ്രവർത്തിച്ച വ്യക്തികളുടെ ജീവിതവുമായി ബന്ധപ്പെട്ട ഡോക്യുമെന്ററി പ്രദർശനം, പരിസ്ഥിതി സൗഹൃദവസ്തുക്കളുടെ ശേഖരണം, പ്രബന്ധങ്ങൾ തയ്യാറാക്കി അവതരിപ്പിക്കൽ. | അക്കാദമിക വർഷം<br>ഓഗസ്റ്റ് മുതൽ ഡിസംബർ വരെ | സോഷ്യൽസയൻസ് ക്ലബ് | PTA |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| ഭൂപട വായന കുട്ടികളിൽ വളർത്തുക, സ്ഥലനിർണ്ണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം കൈവരിക്കുക. | അറ്റ്ലസ്, മാപ്പ്, ഗ്ലോബ് എന്നിവ പരിചയപ്പെടൽ: ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ പഠിക്കാൻ കുട്ടികളെ സഹായിക്കുന്നു. അറ്റ്ലസ് നിർമ്മാണവും ഭൂപടവായനയും നടത്തുവാൻ കുട്ടികളെ പ്രാപ്തരാക്കുന്നു. | ജൂലൈ മുതൽ ജനുവരി വരെ | സാമൂഹ്യശാസ്ത്ര അധ്യാപകർ | PTA |
| കുട്ടികളിൽ ഉന്നതനിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക. | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാനമേഖല പരിപോഷിപ്പിക്കുന്ന ക്വിസുകൾ, പ്രശ്നോത്തരി, സംവാദം എന്നിവ സംഘടിപ്പിക്കുന്നു. കൂടാതെ അഭിമുഖം, ചരിത്രപഠനം, മാഗസിൻ, ചരിത്രരേഖകളുടെ ശേഖരണം എന്നീ തുടർപ്രവർത്തനങ്ങളും സംഘടിപ്പിക്കുന്നു. | ജൂൺ മുതൽ ഫെബ്രുവരി | സാമൂഹ്യശാസ്ത്ര അധ്യാപകർ | PTA |
| ദിനാചരണങ്ങളിലൂടെ പ്രത്യേക ദിനങ്ങളുടെ പ്രാധാന്യം കുട്ടികൾ തിരിച്ചറിയുക. | ഓരോ വർഷത്തെയും സുപ്രധാന ദിനങ്ങൾ നേരത്തെ പട്ടികപ്പെടുത്തി ഓരോ ദിനാചരണത്തോടനുബന്ധിച്ച് നടത്താവുന്ന വിവിധ പ്രവർത്തനങ്ങൾ കണ്ടെത്തി, അതിലേക്കായി കുട്ടികളെ തയ്യാറാക്കുക. | അക്കാദമിക വർഷം | സോഷ്യൽസയൻസ് ക്ലബ് | PTA |

Scanned with OKEN Scanner

# മാത്തമാറ്റിക്സ്

Scanned with OKEN Scanner

# ഗണിതം

## ആമുഖം

കുട്ടികൾക്ക് പ്രയാസം നേരിടുന്ന ഒരു വിഷയമാണ് ഗണിതം. അതുകൊണ്ട് ഗണിതം കൈകാര്യം ചെയ്യുമ്പോൾ ഏറ്റവും ആകർഷകവും കുട്ടികളുടെ വിഷമങ്ങൾ പരിഹരിക്കുന്നതിനുമുള്ള ചില പ്രവർത്തനങ്ങൾ നൽകുന്നു.

## ലക്ഷ്യങ്ങൾ

- ഗണിതം രസകരമാക്കുക.
- ഗണിത ആശയങ്ങൾ ലളിതമായി അവതരിപ്പിക്കുക.
- കുട്ടികൾക്ക് വിഷയത്തോടുള്ള താൽപ്പര്യം ഉണ്ടാക്കുക.
- ICT സഹായത്തോടെ അവതരിപ്പിക്കുക.
- പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം.

Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനം | കാലം | സാമ്പത്തികം | ചുമതല |
|---|---|---|---|---|
| 1. ആശയധാരണ | പ്രീ-ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ | ജൂൺ ആദ്യവാരം/ | | അധ്യാപകർ |
| 2. നിർമ്മിതിയിലെ ശേഷി കൈവരിക്കൽ | ഇൻസ്ട്രുമെന്റ് ബോക്സിന്റെ ലഭ്യത, ശില്പശാലകൾ, കോണുകൾ,വരകൾ ഇവയുടെ അളവുകൾ കൃത്യമായി അളക്കുന്നതിനുള്ള ശേഷി നേടൽ, സ്കെയിൽ, പ്രൊട്രാക്ടർ ഇവ ശരിയായ രീതിയിൽ കൈകാര്യം നേടുന്നതിനുള്ള ശേഷിനേടൽ. കൃത്യമായ ആരത്തിൽ വൃത്തം വരയ്ക്കുന്നതിന്. | തുടർപ്രവർത്തനം, മധ്യകാലം | ടീച്ചേഴ്സ് ഗ്രാന്റ് | അധ്യാപകർ |
| 3. ഗണിതആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിതരൂപങ്ങൾ അളവുകൾ ഇവ പരിചയപ്പെടുന്നു. | ശില്പശാലകൾ നടത്തുന്നു. ക്ലബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | വർഷത്തിൽ ഒന്ന് | പി.റ്റി.എ | അധ്യാപകർ |
| 4. സംഘബോധം | സംഘപഠനം നടത്തുന്നു. | തുടർ പ്രവർത്തനം | | അധ്യാപകർ, |
| 5. ഗണിതശാസ്ത്ര പ്രദർശനം | Geometrical,Number chart, still model, working model | | പി.റ്റി.എ | |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| 6. ഗണിതശാസ്ത്ര ജ്ഞന്മാരെ പരിചയ | കുട്ടികൾ നേടിയിട്ടുള്ള ഗണിതാശയ ങ്ങൾ ഉൾപ്പെടുത്തി ക്ലാസ്തല, സ്കൂൾതല മാഗസിൻ തയ്യാറാക്കൽ, ചിത്രങ്ങൾ ശേഖരിക്കൽ, അവരുടെ സംഭാവനക്കുറിപ്പ് തയ്യാറാക്കൽ. | മധ്യകാലം | | ഗ്രൂപ്പ് ലീഡേഴ്സ് |
| 7. ഗണിതലാബ് | ഗണിത ആശയം ഉൾപ്പെടുന്ന paper cuttings ഉപയോഗിച്ച് സ ്വയം പഠനവും സാധ്യമാകുന്ന തര ത്തിൽ ലാബ് പ്രത്യേക റൂമിൽ സജ്ജീകരിക്കുന്നു. | മാസത്തിൽ ഒന്ന് | | ക്ലബ് സെക്രട്ടറി, അധ്യാപകർ, പി.റ്റി.എ |
| 8. ഗണിത ക്ലബ് | ജ്യാമിതീയ രൂപങ്ങൾ ചേർത്ത് വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. | | | |
| 9. രക്ഷിതാക്കളെ ബോധവൽക്കരി ക്കൽ | പി.ടി.എ.നടത്തുന്നു. | മാസത്തിൽ | | അധ്യാപകൻ H.M |

Scanned with OKEN Scanner

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025 - 2026 സയൻസ്-ഫിസിക്സ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. അത്ഭുത കണ്ണിലൂടെ കൗതുകം, ജിജ്ഞാസ നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക. | ലഘു പരീക്ഷണങ്ങൾ സഹപാഠികൾക്ക് മുമ്പിൽ കുട്ടികൾതന്നെ കാണിച്ച് കൊടുക്കുവാൻ അവസരം നൽകുന്നു. മോഡലുകൾ നിർമ്മിക്കുവാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞ് കൊടുത്ത് കുട്ടികളെക്കൊണ്ട് മോഡൽ നിർമ്മിക്കുന്നു. | ജൂൺ 23 | സയൻസ് ക്ലബ് | പി.ടി.എ |
| 2. ശാസ്ത്രലോകത്തേക്ക്: നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു. | പാഠങ്ങളുമായി ബന്ധപ്പെട്ട് വസ്തുക്കളുടെ പ്രദർശനം. ക്ലാസുകളിൽ ലഘുപ്രോജക്ട് കൊടുത്ത് മെച്ചപ്പെട്ടത് സ്കൂളിൽ പൊതുവേദിയിൽ അവതരിപ്പിക്കുന്നു. | ജൂലൈ 23 | ടീച്ചർ | പി.ടി.എ. |
| | പുതുപുത്തൻ സാങ്കേതിക വിദ്യയും പുത്തൻ കണ്ടെത്തലുകളും പരിചയപ്പെടുന്നു. | | സയൻസ് ക്ലബ് | പി.ടി.എ. |
| 3. ഹൈടെക് വേൾഡ് മാനവികതയിൽ ഊന്നിയുള്ള ശാസ്ത്രബോധം വളർത്തുക. | ക്ലാസുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിച്ച് മെച്ചപ്പെട്ടത് പൊതുവേദികളിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | ജൂലൈ 23 | ടീച്ചർ | പി.ടി.എ. |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| 4. ആയുർവേദ പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക. | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു. ശാസ്ത്രശിൽപശാലകൾ സംഘടിപ്പിക്കുന്നു. ക്ലാസുകളിൽ ശാസ്ത്ര ലൈബ്രറി, ശാസ്ത്ര മാസിക പ്രസിദ്ധീകരണം സയൻസ് ലാബ്, ഐ.ടി. ലാബ് എന്നിവ ആധുനികവൽക്കരിക്കുന്നു. | ഓഗസ്റ്റ് 23 | സയൻസ് ക്ലബ് | പി.ടി.എ/OSA |
| 5.വൈജ്ഞാനിക ബഹിർസ്ഫുരണം: അന്വേഷണ തൃഷ്ണ വർദ്ധിപ്പിക്കൽ, നേരറിവ് നേടൽ. | സംസ്ഥാന ദേശീയതലത്തിലുള്ള ക്വിസ്, സെമിനാർ, പ്രോജക്ട് മുതലായവയിൽ പങ്കെടുക്കുന്നു. ശാസ്ത്രകാരന്മാരുമായി സംവദിക്കൽ. | സെപ്റ്റംബർ 23 | ടീച്ചർ | പി.ടി.എ. |
| 6. ഊർജ്ജതന്ത്രം: കൂടുതൽ ആഴങ്ങളിൽ | ഊർജ്ജതന്ത്രം : ശാസ്ത്ര അവബോധം, ശാസ്ത്ര നൈപുണ്യം എന്നിവ വളർത്തുന്നതിനായി ശാസ്ത്രമേള. ലാബ് ഉപകരണങ്ങളുടെ പരിചയപ്പെടൽ. | ഒക്ടോബർ 23 | SRG | പി.ടി.എ/OSA |
| 7.ഊർജ്ജതന്ത്രം : ജീവിതഗന്ധി | വീട്ടിൽ ഉള്ള ശാസ്ത്ര ഉപകരണങ്ങൾ പരിചയപ്പെടുത്തൽ | നവംബർ 23 | സയൻസ് ക്ലബ് | |

Scanned with OKEN Scanner

# രസതന്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ശാസ്ത്രലോകത്തേക്ക്: നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു. | രസതന്ത്രം നിത്യജീവിതത്തിൽ - ആരോഗ്യം, ഭക്ഷണം, കാർഷികം, വ്യാവസായിക മേഖല. | ജൂൺ 23 | സയൻസ് ക്ലബ് | പി.ടി.എ. |
| | വ്യവസായശാല സന്ദർശനം. | | SRG | |
| 2. വീട് ഒരു രസതന്ത്രശാല | ലഘു പരീക്ഷണങ്ങൾ ശാസ്ത്രമേളയ്ക്കുള്ള ഒരുക്കവും പരിശീലനവും | ജൂലൈ 23 | സയൻസ് ക്ലബ് | പി.ടി.എ. |
| 3. രസതന്ത്രവും പരിസ്ഥിതിയും - പ്രത്യേക പ്രോജക്ട് | സെമിനാറുകൾ | | SRG | OSA |
| | രാസനാമങ്ങൾ - ചാർട്ട് നിർമ്മാണം | ഓഗസ്റ്റ് 23 | | |
| | ശാസ്ത്രപ്രദർശനം | | ടീച്ചർ | |
| | ശാസ്ത്രമേളയിൽ മികച്ച പങ്കാളിത്തം. | | | |
| | | സെപ്റ്റംബർ 23 | സയൻസ് ക്ലബ് | പി.റ്റി.എ. |

Scanned with OKEN Scanner

| | | | | | |
|---|---|---|---|---|---|
| 4. ശാസ്ത്ര ക്വിസ് | പാഠഭാഗങ്ങളുടെ ആവർത്തനം കൂടി ലക്ഷ്യമാക്കി കുട്ടികളെ ഗ്രൂപ്പായി തിരിച്ചും അല്ലാതെയും ശാസ്ത്ര ക്വിസ് നടത്തുന്നു. | ഒക്ടോബർ | ചാർട്ട് ലാപ്ടോപ് | സയൻസ് ടീച്ചർ | |
| 5. ലാബ് സന്ദർശനം | എച്ച്.എസ്.എസ്.ലാബോ, കോളേജ് ലാബോ സന്ദർശിക്കാനും, വിവിധ ഉപകരണങ്ങൾ പരിചയപ്പെടാനും അവസരം ഒരുക്കുന്നു. | നവംബർ | യാത്രാ സൗകര്യം | എച്ച്.എം. സയൻസ് ടീച്ചർ | പി.റ്റി.എ ഫണ്ട് |
| 6. സയൻസ് മ്യൂസിയം | ശാസ്ത്രവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഉൾക്കൊള്ളുന്ന മ്യൂസിയം സന്ദർശിക്കാനും, അതിനെ അടിസ്ഥാനമാക്കി ഒരു ചെറിയ മ്യൂസിയം നിർമ്മിക്കുവാനുമുള്ള ആശയം ലഭ്യമാക്കുന്നു. | | യാത്രാ സൗകര്യം | എച്ച്.എം. സയൻസ് ടീച്ചർ സയൻസ് ക്ലബ് | പഠനയാത്രയോടനുബന്ധിച്ച യാത്രാ ചെലവ് |
| 7. സയൻസ് ആൽബം | വിവിധ ശാസ്ത്രജ്ഞർ, അവരുടെ സംഭാവനകൾ, മറ്റ് ശാസ്ത്രകൗതുകങ്ങൾ ഇവ ഓരോ കുട്ടിയും കണ്ടെത്തുകയും എല്ലാവരുടെയും മെറ്റീരിയൽസ് ഉൾപ്പെടുത്തി ആൽബം തയ്യാറാക്കുന്നു. ചിത്രങ്ങൾ ഉൾപ്പെടുന്നതിനാൽ ശാസ്ത്രജ്ഞരെ തിരിച്ചറിയാനുള്ള തരത്തിലുള്ള ചോദ്യങ്ങൾക്ക് കുട്ടികൾക്ക് വേഗത്തിൽ കണ്ടെത്താൻ പരിശീലനം നൽകുന്നു. | 1 ആഴ്ച<br>ഡിസംബർ -ജനുവരി | ഫോട്ടോ കളക്ഷൻസ് | സയൻസ് ക്ലബ് ടീച്ചർ | ടീച്ചർ (500) |

Scanned with OKEN Scanner

| | | | | | |
|---|---|---|---|---|---|
| 8. സയൻസ് നാടകം | ശാസ്ത്രജ്ഞരുടെ ജീവചരിത്രമോ ശാസ്ത്ര നാടകമോ ഉൾപ്പെടുത്തി നാടകം എഴുതി അവതരിപ്പിക്കുന്നു. നാടകങ്ങൾ അവതരിപ്പിക്കുമ്പോൾ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകുന്നു. | ഫെബ്രുവരി -മാർച്ച് | ബയോഡേറ്റ | സയൻസ് ക്ലബ് | പി.റ്റി.എ 2000 |
| 9. ശാസ്ത്രജ്ഞർ ഉൾപ്പെടുത്തിയ ക്ലാസ് | ഐ.എസ്.ആർ.ഒ. ശാസ്ത്രജ്ഞരെ സ്കൂളിൽ ക്ഷണിക്കുകയും ശാസ്ത്രക്ലാസുകൾ ലഭ്യമാക്കുകയും ചെയ്യുന്നു. | 2 ദിവസം | സ്കൂൾ ഹാൾ | സയൻസ് ക്ലബ് | പി.റ്റി.എ 2500 |
| | വിവിധതരത്തിലുള്ള അവസരങ്ങൾ, മത്സരപരീക്ഷകൾ, അതിനായുള്ള തയ്യാറെടുപ്പുകൾ എന്നീ വിഷയങ്ങൾ സംബന്ധിച്ച സംശയങ്ങൾ നിവാരണം ചെയ്യാൻ അവസരം ഒരുക്കുന്നു. | ജൂൺ 24-ഓഗസ്റ്റ് | | | |
| 10. ശാസ്ത്രക്വിസ് (Intex) | വിവിധ സ്കൂളുകളെ ഉൾപ്പെടുത്തി തയ്യാറെടുപ്പ് നടത്തി, മൾട്ടി-മീഡിയ ഉപയോഗപ്പെടുത്തി ശാസ്ത്രക്വിസ് സംഘടിപ്പിക്കുന്നു. പൊതുജന/പഞ്ചായത്ത് പങ്കാളിത്തം ഇതിൽ ഉറപ്പാക്കുന്നു. | | സ്കൂൾ ഹാൾ, ഡിജിറ്റൽ മീഡിയ | സയൻസ് ക്ലബ് | പൂർവ്വ വിദ്യാർത്ഥികൾ 5000 |

Scanned with OKEN Scanner

| | | | | | |
|---|---|---|---|---|---|
| 11. സെമിനാർ (By experts) | എഞ്ചിനീയറിംഗ് മേഖലയിലെ അധ്യാപകരെ ഉൾപ്പെടുത്തി റോബോട്ടിക് നാനോ ടെക്നോളജി, ക്ലാസ് 10, അതുപോലെ ശാസ്ത്ര & രസതന്ത്രം പ്രാധാന്യമുള്ള ടോപ്പിക്സ് തുടങ്ങിയ വിവിധ മേഖലകളിലെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്ന ക്ലാസ് ലഭ്യമാക്കുന്നു. | | സെമിനാർ ഹാൾ | സയൻസ് ടീച്ചർ | |
| 12. വ്യവസായ ശാലകൾ, ഫാക്ടറി വിസിറ്റിംഗ് | കുട്ടികളുടെ പഠനപ്രവർത്തനത്തോടൊപ്പം വ്യവസായശാലകൾ ഫാക്ടറികൾ ഇവയുടെ പ്രവർത്തനം മനസ്സിലാക്കുന്ന യാത്ര. ഇതിൽ നിന്നും ലഭ്യമാകുന്ന വിവരങ്ങൾ ക്ലാസിൽ ചർച്ച ചെയ്യുന്നു. | രണ്ട് ദിവസം | യാത്ര സൗകര്യം | സ്കൂൾ സ്റ്റാഫ് | സ്റ്റുഡന്റ് |
| 13. ലഘുപരീക്ഷണങ്ങൾ | യുട്യൂബ് വീഡിയോസ് പാഠഭാഗവുമായി ബന്ധപ്പെടുത്തി, (ഉദാ. പി.വി.സി.പൈപ്പുകൾ, സ്ക്രബർ, തെർമോകോൾ ബോളുകൾ) ലഘുപരീക്ഷണങ്ങൾ ചെയ്യാനും കുട്ടികളെ സഹായിക്കുന്ന പ്രവർത്തനം | | ലാബ് ഇന്റർനെറ്റ് | സയൻസ് ടീച്ചർ | സ്റ്റുഡന്റ് സ്വയം കണ്ടെത്തുക |

Scanned with OKEN Scanner

| | | | | | |
|---|---|---|---|---|---|
| 14. സയൻസ് മാജിക് | മാജിക്കിന്റെ സാധ്യതകൾ വിശദീകരിച്ചുകൊണ്ടും, അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും അക്ഷരാഭ്യാസം നേടിയിട്ടില്ലാത്തവരിൽ നിന്നും ഇല്ലാതാക്കാൻ ഗ്രാമങ്ങളിൽ (റൂറൽ ഏരിയാസ്)ഡെമോൺസ്ട്രേഷൻ ക്ലാസ് സംഘടിപ്പിക്കുന്നു. | | വാഹനം | സയൻസ് ക്ലബ് | പി.റ്റി.എ 1000 |
| 15. ശേഖരണം ലേബൽസ് | ഒഴിഞ്ഞ മരുന്നുകുപ്പികൾ, മരുന്നു കവറുകൾ, ഇവയുടെ ശേഖരണം, അവയിലെ സയന്റിഫിക് നെയിം മനസിലാക്കൽ, ജ്യൂസുകൾ, പായ്ക്കറ്റ്, ആഹാര പദാർത്ഥങ്ങൾ ഇവയിലെ ആസിഡ്, കെമിക്കൽ ഇവ വായിച്ച് മനസിലാക്കുന്നു. ആഹാരവസ്തുക്കളിലെ കളറിംഗ് വസ്തുക്കൾ മനസിലാക്കുന്നു. | | ഷോപ്പ് | പേരന്റ്സ് സയൻസ് ടീച്ചർ | |
| 16. ചാർട്ടുകൾ, പസ്സിൽസ്, സുഡോക്കു | വിവിധ മൂലകങ്ങൾ, അവയുടെ പേര് വരാനുള്ള കാരണങ്ങൾ, മറ്റ് ശാസ്ത്ര ആശയങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ചാർട്ടുകൾ പസ്സിൽസ്, സുഡോക്കു ഇവ തയ്യാറാക്കുന്നു. | | ഇന്റർനെറ്റ് മാഗസിൻസ് | സയൻസ് ടീച്ചർ | |

Scanned with OKEN Scanner

# അക്കാദമിക് മാസ്റ്റർപ്ലാൻ 2025 - 2026 ബയോളജി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. വൈജ്ഞാനിക ബഹിർസ്ഫുരണം: അന്വേഷണ തൃഷ്ണ വർദ്ധിപ്പിക്കൽ, നേരറിവ് നേടൽ | തണൽ വൃക്ഷങ്ങൾ നട്ട് പിടിപ്പിക്കൽ, ഉള്ള സൗകര്യത്തിൽ ഔഷധത്തോട്ടവും പച്ചക്കറി തോട്ടവും നിർമ്മിക്കൽ. സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധിത ക്യാമ്പസ്. | ജൂൺ 23<br>ജൂലൈ 23 | സയൻസ് ക്ലബ്<br>ടീച്ചർ | പി.ടി.എ.<br>പി.ടി.എ. |
| 2. ജീവോത്സവം | പാരിസ്ഥിതിക പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും | ഒക്ടോബർ 23 | സയൻസ് ക്ലബ് | പി.ടി.എ. |
| 3. എന്റെ ആരോഗ്യം | പോസ്റ്റർ പ്രദർശനം, റാലി, ഫീൽഡ് സന്ദർശനം. ബോധവൽക്കരണം. | നവംബർ 23 | പി.ടി.എ. | പി.ടി.എ. |
| | ദിനാചരണങ്ങൾ<br>കുട്ടികളുടെ ആരോഗ്യം സൂക്ഷിക്കുന്നു. | ജനുവരി 23 | ഹെൽത്ത് ഡിപ്പാർട്ട്മെന്റ് | സ്റ്റാഫ് ഫണ്ട് |

Scanned with OKEN Scanner

# അക്കാദമിക് മാസ്റ്റർ പ്ലാൻ : 2025 - 2026 ഐ.റ്റി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. എവരി വൺ ടെക്കി | 1. എല്ലാ കുട്ടികൾക്കും അടിസ്ഥാന കമ്പ്യൂട്ടർപരിശീലനം.രക്ഷിതാക്കൾക്ക് കമ്പ്യൂട്ടർ സാക്ഷരത. | ജൂൺ 23 | SRG | പി.റ്റി.എ |
| | 2. ഈ മേഖലയിലെ ഉപരിപഠന തൊഴിൽസാധ്യതകളെക്കുറിച്ചുള്ള സെമിനാർ. | ജൂലൈ 23 | ടീച്ചർ | |
| 2. ടെക്നോ കിഡ്സ് | 3. സ്മാർട്ട് ക്ലാസ് റൂം ഉപയോഗിച്ചുള്ള പ്രത്യേക ഡെമോൺസ്ട്രേഷൻ. | ജൂലൈ 23 | സയൻസ് ക്ലബ് | പി.റ്റി.എ |
| | 4. ടാലി പരിശീലനം, അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ | ജൂലൈ 23 | SRG | |
| 3. ടെക്നോ സ്റ്റാർ | 5. വിവിധ സോഫ്റ്റ്‌വെയറുകൾ ഉപയോഗിക്കുവാനുള്ള പരിശീലനം. | ഓഗസ്റ്റ് 23 | ടീച്ചർ | OSA |
| | 6. സാമ്പത്തിക ഇടപാടുകൾ, ബാങ്കിംഗ്, ബിസിനസ് ഓൺലൈൻ സാമ്പത്തിക ഇടപാടുകൾ, ബാങ്കിംഗ്, ബിസിനസ് എന്നിവ നടത്തുവാനുള്ള പരിശീലനം. | ഓഗസ്റ്റ് 23 | സയൻസ് ക്ലബ് | OSA |
| | 7. സൈബർ സുരക്ഷാ ബോധവൽക്കരണ ക്ലാസ്. | സെപ്റ്റംബർ 23 | ടീച്ചർ | OSA |

Scanned with OKEN Scanner